<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3454**</u> <u>**26-06-2024 - ൽ മറുപടിയ്ക്ക്**</u>

<u>**കോങ്ങാട് മണ്ഡലത്തിലെ കരിമ്പ-2 വില്ലേജ് ഓഫീസ് നിർമ്മാണം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ കരിമ്പ-2 വില്ലേജ് ഓഫീസ് നിർമ്മാണത്തിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | കോങ്ങാട് മണ്ഡലത്തിലെ കരിമ്പ - 2 വില്ലേജ് ഓഫീസ് നിർമ്മാണത്തിന് 50,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രം, പാലക്കാടിനെ നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തുകയും, പ്രസ്തുത ഏജൻസിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. നിർവഹണ ഏജൻസി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും കരാറുകാരനുമായി തേർഡ് പാർട്ടി എഗ്രിമെന്റിൽ ഏർപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അടിയന്തര തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ